പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2152 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |

**ഭക്ഷ്യവസ്തുക്കളിലെ വിഷാംശം പരിശോധിക്കാനുള്ള സംവിധാനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യം, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ മായം, വിഷാംശങ്ങൾ എന്നിവ പരിശോധിക്കാനുള്ള സംവിധാനം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | എ) | വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെ വരുന്ന മത്സ്യം, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ മായം, വിഷാംശങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള അനലിറ്റിക്കൽ ലാബുകൾ നിലവിലുണ്ട്. |
| ബി) | ഇത്തരം പരിശോധനകൾ നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡല മഹോത്സവം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്<br>പ്രസ്തുത പരിശോധനകളിൽ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നിട്ടുള്ളതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമ പ്രകാരം പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഫിഷ് മാർക്കറ്റുകളിൽ ഇത്തരം പരിശോധന കർശനമായി നടത്താനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്നറിയിക്കുമോ? | സി) | മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി' ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മിക്കവാറും എല്ലാ മത്സ്യ മാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിവരുന്നുണ്ട് കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ